പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8284 17.07.2014 ലെ മറുപടിയ്ക്ക്

## വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ടൂറിസം കോഴ്സുകൾ

| | ചോദ്യം<br>ശ്രീ.കെ.അജിത് | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി |
|---|---|---|---|
| എ) | വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ടൂറിസം സംബന്ധമായി നടത്തപ്പെടുന്ന കോഴ്സുകൾ ഏതൊക്കെയെന്നും ഇത് ഏതൊക്കെ സ്ഥാപനങ്ങളാണ് നടത്തുന്നതെന്നും പ്രസ്തുത കോഴ്സുകൾക്ക് സർവ്വകലാശാലകൾ അംഗീകാരം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | എ) | കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) കേരള സർവ്വകലാശാലയുടെ അംഗീകാരത്തോടെ 2 വർഷം ദൈർഘ്യമുള്ള എം.ബി.എ. (ട്രാവൽ & ടൂറിസം) കോഴ്സുകൾ നടത്തുന്നുണ്ട്. ഇതിനു പുറമെ 6 മാസം ദൈർഘ്യമുള്ള ഡിപ്ലോമോ ഇൻ ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഒരു വർഷം ദൈർഘ്യമുള്ള പി.ജി.ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് ഇൻ ടൂറിസം എന്നീ കോഴ്സുകളും നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ കോഴ്സുകൾ കിറ്റ്സ് നേരിട്ടാണ് നടത്തുന്നത്. ടി കോഴ്സുകൾക്ക് കേരള സർവ്വകലാശാലയുടെ അംഗീകാരമില്ല. |
| ബി) | സംസ്ഥാനത്ത് നടത്തപ്പെടുന്ന ടൂറിസം കോഴ്സുകൾ പാസ്സായവർക്ക് വിനോദസഞ്ചാര വകുപ്പിൽ നിയമനം നൽകാറുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിലാണ് നിയമനം നൽകുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) | വിനോദസഞ്ചാര വകുപ്പിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടത്തിവരുന്നത്. അടിസ്ഥാന യോഗ്യതകൾക്കു പുറമെ ഇതിൽ പി.എസ്.സി. അംഗീകരിച്ച ടൂറിസം കോഴ്സുകൾ പാസ്സായവർക്ക് സ്റ്റുവാർഡ്, ബട്ട്ലർ, കുക്ക്, ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, മാനേജർ ഗ്രേഡ് III, ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് നിയമനം നൽകാറുണ്ട്. |
| സി) | ടൂറിസം വകുപ്പിലെ ഡയറക്ടർക്ക് താഴെയുള്ള തസ്തികകളും പ്രസ്തുത തസ്തികകൾക്ക് ആവശ്യമായ അടിസ്ഥാനയോഗ്യതകളും ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ? | സി) | ടൂറിസം വകുപ്പിലെ തസ്തികകളും അവയുടെ അടിസ്ഥാനയോഗ്യതയും സ്പെഷ്യൽ റൂളിൽ പ്രതിപാദിക്കുന്ന പ്രകാരമാണ് |

സെക്ഷൻ ഓഫീസർ